


# ദൈവ വചനത്തിന്റെ ശക്തി

(യോഹ. 1: 1-28; സംഖ്യ 10: 29-11:10; ഏശയ്യാ 45: 11-17; ഹെബ്രാ. 3: 1-4:7)

ബ്ര. അജു കുരീക്കാട്ട് MCBS Vol. 10, Issue: 35

ദനഹാ രണ്ടാം ഞായറാഴ്ച്ച തിരുസഭ നമ്മുടെ ധ്യാനത്തിനും വിചിന്തനത്തിനുമായി നമുക്ക് സമ്മാനിക്കുന്നത് വി. യോഹന്നാന്റെ സുവിശേഷം ഒന്നാം അധ്യായം 1 മുതൽ 28 വരെയുള്ള വാക്യങ്ങളാണ്. അനാദിയിലേ പിതാവിനോടു കൂടെയുള്ളവനും പുത്രനുമായ ക്രിസ്തുവിനെ 'വചനം' എന്ന വിശേഷണത്തോടെ വി. യോഹന്നാൻ അവതരിപ്പിക്കുമ്പോൾ അതിന് ഏറെ ലക്ഷ്യങ്ങളുണ്ട്; പ്രത്യേകിച്ച്, യഹൂദനായ യോഹന്നാന്.

യഹൂദ പാരമ്പര്യത്തിൽ, വചനത്തിന് വ്യക്തിയുടെ സ്ഥാനം നൽകി ആദരിച്ചിരുന്നു. കാരണം, വചനത്തിന് മാറ്റങ്ങൾ വരുത്തുവാൻ ശക്തിയുണ്ടെന്ന് അവർ വിശ്വസിച്ചിരുന്നു. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചത് അവിടുത്തെ വാക്കാലാണ്. പഴയനിയമ പുസ്തകങ്ങളിൽ പ്രവാചകന്മാരെ തിരഞ്ഞെടുത്തു വിളിക്കുമ്പോൾ അവരുടെ അധരങ്ങളെ വിശുദ്ധീകരിച്ച് ദൈവവചനം അവരുടെ നാവിൽ നിക്ഷേപിക്കുന്ന ദൈവമായ കർത്താവിനെ നമുക്ക് കാണുവാൻ സാധിക്കും.

രണ്ടാമതായി ദൈവവചനം എന്നാൽ, യഹൂദരെ സംബന്ധിച്ച് ദൈവത്തിന്റെ

സജീവ സാന്നിധ്യത്തിന്റെ പ്രതീകമാണ്. നിയമാ. 6:9-ൽ പറയുന്നു: “ഞാൻ ഇന്ന് കൽപിക്കുന്ന ഈ വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിലുണ്ടായിരിക്കണം. ജാഗരൂകതയോടെ അവ നിങ്ങളുടെ മക്കളെ പഠിപ്പിക്കണം. വീട്ടിലായിരിക്കുമ്പോഴും യാത്ര ചെയ്യുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെപ്പറ്റി സംസാരിക്കണം. അവ കൈയ്യിൽ ഒരു അടയാളമായും നെറ്റിത്തടത്തിൽ പട്ടമായും അണിയണം.” ചുരുക്കത്തിൽ, ഒരു മനുഷ്യന്റെ ജീവിതത്തിന്റെ എല്ലാ സമയവും ഏതു സാഹചര്യത്തിലും ദൈവത്തിന്റെ സജീവ സാന്നിധ്യത്തിൽ ജീവിക്കണമെന്ന് വിശുദ്ധ ബൈബിൾ നമ്മെ ഓർമ്മിപ്പിക്കുന്നു. സംഖ്യ 10: 29-36 വാക്യങ്ങളിൽ, തന്റെ ജനത്തിന് തണലായും പ്രകാശമായും അവരുടെ കൂടെ വസിക്കുന്ന ദൈവത്തെ നമുക്ക് കാണാൻ സാധിക്കും.

മാറ്റങ്ങൾ വരുത്താൻ ശക്തിയുള്ള വചനത്തിൽ നമ്മൾ എത്രമാത്രം വിശ്വസ്തരാണ്. മറ്റുള്ളവർ തരുന്ന വാക്ക് വിശ്വസിച്ചും മറ്റുള്ളവർക്കു കൊടുക്കുന്ന വാക്കിന് വിശ്വസ്തത കൊടുത്തും ജീവിക്കേണ്ടവരാണ് നമ്മൾ. പ്രത്യേകമായി, ക്രൈസ്തവ ജീവിതാന്തസ്സുകളായ വിവാഹവും സന്യാസവും പൗരോഹിത്യവുമെല്ലാം നമ്മൾ കൊടുക്കുന്ന ഒരു വാക്കിന്റെ ബലത്തിൽ മുന്നോട്ടു പോകുന്നതാണ്.

നമുക്കൊന്ന് ചിന്തിച്ചുനോക്കാം, എന്റെ വിവാഹനാളിൽ ദൈവവചനം സാക്ഷിയാക്കി എന്റെ തമ്പുരാനോടും ജീവിതപങ്കാളിയോടും ഞാൻ ചെയ്ത വാഗ്ദാനത്തിൽ വിശ്വസ്തത പുലർത്തുന്നുണ്ടോ? എന്റെ വ്രതവാഗ്ദാന വേളയിൽ ദൈവവചനം സാക്ഷിയായി ഞാൻ കൊടുത്ത വാക്കിൽ ഞാൻ എത്രമാത്രം വിശ്വസ്തനാണ്/ വിശ്വസ്തയാണ്. എന്റെ തിരുപ്പട്ട സ്വീകരണദിവസം ഞാൻ കൊടുത്ത വാക്കിൽ ഞാനിന്ന് എത്രമാത്രം വിശ്വസ്തത പുലർത്തുന്നുണ്ട്. ഇതു സാധിക്കണമെങ്കിൽ നമ്മൾ പറയുന്ന വാക്ക് നമ്മുടെ അസ്ഥിത്വത്തിന്റെ ഭാഗമാകണം. നമ്മുടെ വാക്കുകൾ നമ്മിൽ മാംസം ധരിക്കണം. അതിനുള്ള ശക്തി നമുക്ക് ലഭിക്കുന്നത് വിശുദ്ധ കുർബാനയിലാണ്.

വിശുദ്ധ കുർബാന, മാംസമായ വചനം അപ്പമായതിന്റെ ആഘോഷമാണ്. അതിനാൽ, ഈ ബലിയർപ്പണ വേളയിലും ഈ ജീവിതകാലം മുഴുവനിലും വചനമായ ദൈവത്തിന്റെ നിരന്തര സാന്നിധ്യത്തിൽ വസിക്കാനും നമ്മുടെ വാക്കുകൾ നമ്മിൽ മാംസം ധരിക്കാനും നമ്മിലും മറ്റുള്ളവരിലും മാറ്റങ്ങൾ വരുത്തുവാനുമുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം. ആമ്മേൻ.

☞ **വചനം ജീവിതത്തിൽ മാറ്റങ്ങൾ വരുത്തും**

☞ **ദൈവവചനം സജീവ സാന്നിധ്യമാണ്**

☞ **വാക്കുകൾ മാംസം ധരിക്കണം**